(ബി) എഞ്ചിനീയറിംഗ് മെഡിക്കൽ പ്രവേശനത്തിന് ഈ തീരുമാനം ബാധകമാണോ;

(സി) ബാധകമല്ലെങ്കിൽ, പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്കുള്ള കാറ്റഗറിയിൽ ആവശ്യമായ വിദ്യാർത്ഥികൾ ഇല്ലെങ്കിൽ ഇതേ വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതരുടെ മക്കൾക്ക് പ്രസ്തുത സീറ്റുകളിൽ പ്രവേശനം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികവിഭാഗത്തിനർഹമായ സംവരണം ഒഴികെയുള്ള വിദ്യാഭ്യാസ സാമ്പത്തിക ആനുകൂല്യം ഈ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് ഉറപ്പാക്കിയിട്ടുണ്ട്.

(ബി) ബാധകമാണ്.

(സി) ഉദിക്കുന്നില്ല.

പിന്നോക്ക-പട്ടിക സമുദായക്ഷേമത്തിനുള്ള തുക ഫലപ്രദമായി വിനിയോഗിക്കാൻ നടപടി

3 [2983] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-വർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്;

(ബി) ഈ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ലഭിക്കുന്ന കോടിക്കണക്കിന് രൂപ ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിയുന്നുണ്ടോയെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(സി) സമൂഹത്തിലെ ഏറ്റവും ദുർബലമായ ഈ വിഭാഗത്തിൽപ്പെട്ടവർക്കായി അനുവദിക്കുന്ന തുക പൂർണ്ണമായും അവരുടെ ഉന്നമനത്തിനായി പ്രയോജനപ്പെടുത്തുന്നുവെന്ന് ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം അനുബന്ധം III-ആയും† പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം അനുബന്ധം III A-ആയും‡ ചേർത്തിട്ടുണ്ട്.

---

†അനുബന്ധം III കാണുക.

‡അനുബന്ധം III A കാണുക.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയ്ക്കനുസൃതമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി ഈ വിഭാഗക്കാരുടെ ഉന്നമനത്തിനായി പ്രയോജനപ്പെടുത്തുന്ന രീതി ഇപ്പോൾത്തന്നെ സ്വീകരിച്ചുവരുന്നുണ്ട്.

പട്ടികവിഭാഗത്തിന്റെ സാമ്പത്തികപുരോഗതിക്കായി കേന്ദ്രസഹായം

4 [2984] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രത്യേക ഘടകപദ്ധതിക്കായുള്ള പ്രത്യേക കേന്ദ്രസഹായം (പദ്ധതിയിനം) ഉപയോഗിച്ച് പട്ടിക വിഭാഗത്തിന്റെ സാമ്പത്തിക പുരോഗതിക്കായി പ്രത്യേകിച്ചും ഉല്പാദന തൊഴിൽ മേഖലകളിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി 2001-2002, 2002-2003, 2003-2004, 2004-2005 എന്നീ വർഷങ്ങളിൽ കേന്ദ്രസഹായമായി അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രവീതമെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര സഹായം അവസാനമായി ലഭിച്ച വർഷവും ഈ തുക ചെലവഴിക്കുവാൻ കേന്ദ്രം അനുവദിച്ച സമയപരിധിയും വ്യക്തമാക്കാമോ;

(സി) സമയപരിധിക്കുള്ളിൽ തുക ചെലവഴിക്കാതെ ലാപ്സായ തുക എത്രയെന്ന് ചുണ്ടിക്കാണിക്കാമോ;

(ഡി) കേന്ദ്ര വിഹിതമായി ലഭിച്ച തുക യഥാസമയം ചെലവഴിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) 2003-2004, 2004-2005 എന്നീ വർഷങ്ങളിൽ സംസ്ഥാന ബഡ്ജറ്റിൽ ഇതേ ആവശ്യത്തിനായി നീക്കിവച്ച തുക എത്രയാണെന്നും ഓരോ വർഷവും ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത തുക ചെലവഴിച്ചിട്ടില്ലെങ്കിൽ നടപ്പുസാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ തുക പൂർണമായി ചെലവഴിക്കുന്നതിന് ഏതൊക്കെ പദ്ധതികൾ പ്രാവർത്തികമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

18. 8, 9, 10 ക്ലാസ്സുകളിൽ പ്രത്യേക ട്യൂഷൻ.

19. എസ്.എസ്.എൽ.സി., +2 പരീക്ഷകൾക്ക് പ്രത്യേക കോച്ചിംഗ് ക്ലാസ്സുകൾ.

20. പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് വ്യക്തിത്വ വികസനവും ഇംഗ്ലീഷ് ഭാഷ പരിജ്ഞാനവും പ്രദാനം ചെയ്യുന്നതിന് പ്രത്യേക പരിശീലനം.

21. തിരുവനന്തപുരത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പോസ്റ്റ്മെട്രിക് ഹോസ്റ്റൽ.

അനുബന്ധം III

[3-8-2005-ലെ ചോദ്യം നമ്പർ 3 (2983)-ന്റെ ഉത്തരം ദയവായി കാണുക]

പട്ടികജാതി വികസന വകുപ്പ്

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആവിഷ്കരിച്ച് നടപ്പിലാക്കിയ പരിപാടികൾ

1. എസ്.എസ്.എൽ.സി., പ്ലസ്ടു, മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിലെ റാങ്ക് ജേതാക്കൾക്ക് അവാർഡ് ഏർപ്പെടുത്തി.

2. അയ്യൻകാളി ജന്മദിനാഘോഷം വിപുലമായി നടത്തിവരുന്നു.

3. വിവിധ ക്ഷേമ പദ്ധതികളും മറ്റും ഉൾക്കൊള്ളിച്ചുകൊണ്ട് പടവുകൾ എന്ന മാസിക പ്രസിദ്ധീകരിച്ചുതുടങ്ങി.

4. ഐക്യദാർഢ്യ പക്ഷാചരണത്തോടനുബന്ധിച്ച് ഐക്യദാർഢ്യ സന്ദേശ യാത്രകൾ നടത്തിവരുന്നു.

5. ക്ഷേത്രപ്രവേശന വിളംബര സ്മാരക ദിനാഘോഷത്തോടനുബന്ധിച്ച് തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ ഇതര വിഭാഗത്തിൽപ്പെട്ട ഓരോ സാമുദായിക പ്രവർത്തകർക്കും ഒരു സന്നദ്ധ സംഘടനയ്ക്കും ക്യാഷ് അവാർഡും ഫലകവും ഏർപ്പെടുത്തി.

6. പട്ടികജാതി/പട്ടികവർഗ്ഗക്ഷേമ പ്രവർത്തനങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്ന മാധ്യമ പ്രവർത്തകന് ക്യാഷ് അവാർഡും ഫലകവും അടങ്ങുന്ന ഡോ. അംബേദ്കർ മാധ്യമ അവാർഡ് ഏർപ്പെടുത്തി.

7. കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ ഓരോ മോഡൽ റസിഡൻഷ്യൽ സ്കൂൾ വീതം ആരംഭിക്കുന്നതിന് അനുമതി നൽകി.

8. പ്രൊഫഷണൽ ഹൈടെക് കോഴ്സുകളിലേക്കും മറ്റും പ്രവേശനം ലഭിക്കുന്നതിനുള്ള പരീക്ഷയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് കോച്ചിംഗ് നൽകുന്ന പദ്ധതി (ഹൈടെക് കോഴ്സ്) ആരംഭിച്ചു.

9. ജേർണലിസം കോഴ്സിന് പരിശീലനം നൽകുന്ന പദ്ധതി ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

10. അയ്യൻകാളി മെമ്മോറിയൽ ടാലന്റ് സെർച്ച് സ്കോളർഷിപ്പ് പദ്ധതി പ്രകാരം 4, 5 ക്ലാസ്സുകളിൽ ഉയർന്ന മാർക്ക് വാങ്ങിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് എല്ലാ പഠനസാമഗ്രികളും നൽകി പഠനം പ്രോത്സാഹിപ്പിക്കുന്ന പദ്ധതി തുടങ്ങി.

11. പ്രത്യേക ഘടക പദ്ധതിക്കായുള്ള പ്രത്യേക കേന്ദ്രസഹായ പദ്ധതി അനുസരിച്ച് തൊഴിൽരഹിതരായ പട്ടികജാതി യുവതീയുവാക്കൾക്ക് വിവിധ തൊഴിൽപരിശീലനം, ഡ്രൈവിംഗ് പരിശീലനം, കമ്പ്യൂട്ടർ പരിശീലനം, സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള ധനസഹായപദ്ധതി എന്നിവ നടപ്പാക്കി.

12. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പാരാ മെഡിക്കൽ കോഴ്സുകളിൽ പരിശീലനം നൽകുന്നതിനായി ആലപ്പുഴ, കോട്ടയം, കോഴിക്കോട് എന്നിവിടങ്ങളിലെ മെഡിക്കൽ കോളേജുകളിൽ പുതിയ പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കുന്നതിനായി തുക അനുവദിച്ചു.

13. പട്ടികജാതി വിദ്യാർത്ഥികളുടെ കഴിവുകൾ വികസിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ട് കോഴിക്കോട് ഐ.ഐ.എം.എൽ. സെന്റർ ഓഫ് എക്സലൻസ് ആരംഭിച്ചു.

14. തൊഴിൽരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി 10 പേർ വീതം അടങ്ങുന്ന തൊഴിൽ ക്ലബ്ബുകളുടെ പ്രവർത്തനത്തിന് രൂപംനൽകി.

15. ഭവനരഹിതരായ പട്ടികജാതിക്കാർക്ക് നൽകിവരുന്ന ഭവന നിർമ്മാണ ധനസഹായം 35,000 രൂപയിൽനിന്നും ഉയർത്തി 70,000 രൂപയാക്കുകയും പുതുക്കിയ പ്ലാൻ അനുസരിച്ച് കെട്ടിടം പണിയണമെന്ന വ്യവസ്ഥ നിലവിൽ വരുകയും ചെയ്തു.

16. തിരുവനന്തപുരത്ത് ഓഡിറ്റോറിയം, ലൈബ്രറി, ദളിത് മ്യൂസിയം, ആർട്ട് ഗ്യാലറി, സിവിൽ സർവീസസ് പരിശീലന കേന്ദ്രം എന്നിവ ഉൾപ്പെടുന്ന ഡോ. അംബേദ്കർ ഭവൻ തുടങ്ങാൻ ഉത്തരവായി.

17. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി കേരള സർവകലാശാലയുടെ നേതൃത്വത്തിൽ കോംപിറ്റൻസി ട്രെയിനിംഗ് സെന്റർ തുടങ്ങുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു.

18. പുറം രാജ്യങ്ങളിൽ പോയി പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായി മിലേനിയം ഗ്ലോബൽ സ്റ്റഡീസ് ഉത്തരവായി.

LIBRARY ARCHIVES Kerala Legislative Assembly

19. "സൈബർശ്രീ"യുടെ ആഭിമുഖ്യത്തിൽ സോഫ്റ്റ് വെയർ ഇൻഡസ്ട്രീ ഇൻക്യുബേഷൻ സെന്റർ (പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി) തുടങ്ങുന്നതിന് നടപടിയായി.

20. വിവിധ തരത്തിലുള്ള മാനവശേഷി വികസന പരിശീലന പരിപാടികൾ സംഘടിപ്പിക്കാനായി അപ്ലൈഡ് ടെക്നോളജി ആന്റ് ട്രെയിനിംഗ് സെന്റർ (എ.റ്റി.ആന്റ് റ്റി.സി.) സിവിൽ സർവീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റിയുമായി അനുബന്ധിച്ച് അനുവദിച്ചു.

21. സി-ഡിറ്റിന്റെ സഹായത്തോടെ പട്ടികജാതി വികസന ഡയറക്ടറേറ്റിനേയും പതിനാല് ജില്ലാ പട്ടികജാതി വികസന ഓഫീസിനേയും ബന്ധപ്പെടുത്തിക്കൊണ്ട് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് സെന്റർ പ്രവർത്തനം ആരംഭിച്ചു.

22. ചതുപ്പുപ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികജാതിക്കാർക്ക് വീടിന് ചുറ്റുമുള്ള ഭൂമി കല്ലുകെട്ടി മണ്ണിട്ടു നികത്തുന്നതിനുള്ള ധനസഹായം നൽകി.

23. തൊഴിൽ പരിചയമുള്ള പട്ടികജാതിക്കാരുടെ ഗ്രൂപ്പുകളുടെ സേവനം പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതോടൊപ്പം അവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുമായ ജോബ് ക്ലബുകളുടെ പ്രവർത്തനം ആരംഭിച്ചു.

24. സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ പട്ടികജാതിക്കാർക്ക് ഫലപ്രദമായി ലഭ്യമാക്കുന്നതിനായി എല്ലാ പഞ്ചായത്തുകളിലും എസ്.സി. പ്രൊമോട്ടർമാരുടെ സേവനം ഏർപ്പെടുത്തി.

25. ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി.

26. ഭവനരഹിതരായ പാവപ്പെട്ട പട്ടികജാതിക്കാർക്ക് വീട് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി.

27. കോർപ്പസ് ഫണ്ടിൽനിന്നും വൈദ്യുതീകരണം, കുടിവെള്ളം, റോഡ് അഭിവൃദ്ധിപ്പെടുത്തൽ എന്നിവയ്ക്കായി ഫണ്ട് അനുവദിച്ചു.

28. പട്ടികജാതി സഹകരണ സംഘങ്ങൾക്ക് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ധനസഹായം അനുവദിച്ചു.

29. പട്ടികജാതി കോളനിയിലെ കുടുംബങ്ങളുടെ പുനരധിവാസത്തിനായി ഭൂമി, വീട്, കക്കൂസ് എന്നിവ ലഭ്യമാക്കുന്നതിനുള്ള പരിപാടികൾ നടപ്പാക്കി.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III A

[3-8-2005-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3 (2983)-ന്റെ ഉത്തരം ദയവായി കാണുക]

പട്ടികവർഗ്ഗ വികസന വകുപ്പ്

പട്ടികവർഗ്ഗ ക്ഷേമത്തിനായി നിലവിലുള്ള വിദ്യാഭ്യാസ, ആരോഗ്യ, സാമൂഹ്യ പദ്ധതികൾക്കുപരിയായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കിവരുന്നു

1. ഭൂരഹിത ആദിവാസികളുടെ പുനരധിവാസം.
2. സ്വയംതൊഴിൽ പദ്ധതി, മനുഷ്യശേഷി വർദ്ധിപ്പിക്കുന്നതിനുതകുന്ന പദ്ധതികൾ, ശുദ്ധജല വിതരണവും ശുചിത്വവും, സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തൽ, വൈദ്യുതി, റോഡ്, വിദ്യാഭ്യാസ ആരോഗ്യ രംഗങ്ങളിൽ പുരോഗതി എന്നിവയ്ക്കുള്ള കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾ.
3. വയനാട് ജില്ലയിലെ പട്ടികവർഗ്ഗ മേഖലകളിലെ കുടിവെള്ള പദ്ധതി (ഗിരിധാരാ പദ്ധതി).
4. പട്ടികവർഗ്ഗ കുട്ടികൾക്കുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ.
5. പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് സന്നദ്ധ സംഘടനകൾക്ക് ധനസഹായം.
6. ഊരുകൂട്ട രൂപീകരണവും പരിപാലനവും.
7. സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുള്ള അയ്യൻകാളി മെമ്മോറിയൽ ടാലന്റ് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി.
8. പട്ടികവർഗ്ഗ പ്രദേശങ്ങളിലെ സ്കൂളുകളുടെയും ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യ വികസന പദ്ധതി.
9. പ്രാക്തന ഗോത്രവർഗ്ഗക്കാർക്കുള്ള ആരോഗ്യ ഇൻഷുറൻസ് പദ്ധതി.
10. പട്ടികവർഗ്ഗക്കാർക്കുള്ള അഗതി മന്ദിരങ്ങൾ.
11. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും പ്രീ മെട്രിക് ഹോസ്റ്റലുകളിലെയും കുട്ടികൾക്ക് കൗൺസിലിംഗ് പരിപാടി.
12. പ്രാക്തന ഗോത്രവർഗ്ഗ കുട്ടികൾക്കുള്ള പര്യടന വിദ്യാഭ്യാസ പരിപാടി.
13. സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്കും പ്രീ-മെട്രിക് ഹോസ്റ്റലുകൾക്കും സമയബന്ധിതമായുള്ള കെട്ടിട നിർമ്മാണം.
14. പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിലും വ്യക്തിത്വ വികസനത്തിലും ഒരു മാസത്തെ പരിശീലനം.
15. പട്ടികവർഗ്ഗ പാരമ്പര്യ വൈദ്യന്മാർക്ക് ചികിത്സ നടത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ധനസഹായ പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[3-8-2005-ലെ ചോദ്യം നമ്പർ 12 (2992) ന്റെ ഉത്തരം ദയവായി കാണുക]

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്
1	കേരള കലാമണ്ഡലം, തൃശ്ശൂർ
2	കേരള സംഗീത നാടക അക്കാദമി, തൃശ്ശൂർ
3	കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ
4	കേരള ലളിതകലാ അക്കാദമി, തൃശ്ശൂർ
5	കേരള ഫോക്‌ലോർ അക്കാദമി, കണ്ണൂർ
6	ഭാരത് ഭവൻ, തിരുവനന്തപുരം
7	കുമാരനാശാൻ മെമ്മോറിയൽ, തിരുവനന്തപുരം
8	ഗുരുഗോപിനാഥ് നടനഗ്രാമം, തിരുവനന്തപുരം
9	ജവഹർ ബാലഭവൻ, തിരുവനന്തപുരം
10	ജവഹർ ബാലഭവൻ, തൃശ്ശൂർ
11	കുഞ്ഞൻ മെമ്മോറിയൽ, കിള്ളിക്കുറിശ്ശിമംഗലം
12	കുഞ്ഞൻ മെമ്മോറിയൽ, ആറാട്ടുപുഴ
13	ഗോവിന്ദ പൈ മെമ്മോറിയൽ, കാസർഗോഡ്
14	മൂവ്വർ മെമ്മോറിയൽ, ഇരവിപുരം
15	സഹോദരൻ അയ്യപ്പൻ മെമ്മോറിയൽ, ചേറായി
16	എ. ആർ. രാജരാജവർമ്മ മെമ്മോറിയൽ, മാവേലിക്കര
17	മോയിൻകുട്ടി വൈദ്യർ മെമ്മോറിയൽ, കൊണ്ടോട്ടി
18	അപ്പൻ തമ്പുരാൻ മെമ്മോറിയൽ, തൃശ്ശൂർ
19	ശ്രീനാരായണ പഠന തീർത്ഥാടന കേന്ദ്രം, തിരുവനന്തപുരം
20	കേരള സംസ്കാര ചരിത്ര അക്കാദമി, തിരുവനന്തപുരം
21	മൾട്ടി മീഡിയ കൾച്ചറൽ കോംപ്ലക്സ്, തിരുവനന്തപുരം
22	വാസ്തു വിദ്യാ ഗുരുകുലം, ആറൻമുള
23	സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ്, തൃപ്പൂണിത്തുറ
24	സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചിൽഡ്രൻസ് റിട്ടറേച്ചർ, തിരുവനന്തപുരം
25	സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിയ, തിരുവനന്തപുരം
26	ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
27	കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി, തിരുവനന്തപുരം
28	കെ. എം. ജോർജ് മെമ്മോറിയൽ ഭാഷാ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
29	സി. ഡിറ്റ്, തിരുവനന്തപുരം
30	കേരള ഹിന്ദി ഡവലപ്പ്മെന്റ് കോർപ്പറേഷൻ, തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly